(ഡി) മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച തിരിച്ചറിയൽ വിവരങ്ങൾ, കുടുംബാംഗങ്ങളെയും ഭവനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ, ഗാർഹിക സൗകര്യങ്ങൾ, സാമ്പത്തികം, വായ്പ എന്നിവ സംബന്ധിച്ച വിവരങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ എന്നീ കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം

167 (2036) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ നന്നേ ചെറുപ്പത്തിൽ വിധവകളായവർക്കു വേണ്ടി പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അപേക്ഷകരിൽ നിന്നും 90% പേരെ നറുക്കെടുപ്പിലൂടെയും ബാക്കി 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന വിധവകൾ, കാൻസർ രോഗികൾ മുതലായവരിൽനിന്നും സർക്കാർ പ്രത്യേകമായി തെരഞ്ഞെടുക്കുന്നു.

(ബി) സർക്കാർ നിശ്ചയിക്കുന്ന 10% ഗവൺമെന്റ് ക്വാട്ടയിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ വിധവകൾക്കും പരിഗണന നൽകിവരുന്നു.

ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

168 (2037) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനിൽ ഡ്രൈവർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് എന്നുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ടി തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly